# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 500 07.01.2014- ലെ മറുപടിക്ക്

## നഷ്ടത്തിലായ അഗ്രോ ബെയിസ്ഡ് സഹകരണ യൂണിറ്റുകൾ

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ. മോൻസ് ജോസഫ്** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) അഗ്രോ ബെയിസ്ഡ് ആയിട്ടുള്ള എത്ര സഹകരണ യൂണിറ്റുകൾ നഷ്ടത്തിൽ പ്രവർത്തിച്ചതിനാൽ പൂട്ടിക്കിടക്കുന്നു എന്ന് വ്യക്തമാക്കാമോ; | (എ) 13 എണ്ണം. |
| ബി) പ്രസ്തുത സഹകരണ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് സഹകരണ വകുപ്പ് എന്തെല്ലാം പുനരുദ്ധാരണ പാക്കേജാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) സഹകരണ അടിസ്ഥാനത്തിൽ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പീഡിത സംസ്കരണ യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിനും ബ്ലോക്ക് കോസ്റ്റിന്റെ 50 ശതമാനം വായ്പയായി ദേശീയ സഹകരണ വികസന കോർപ്പറേഷൻ നൽകി വരുന്നു. സംസ്ഥാന സർക്കാർ ചെലവിന്റെ 30 ശതമാനം ഓഹരി മൂലധനമായും 10 ശതമാനം സബ്സിഡിയായും സംഭാവന ചെയ്യുന്നതും ബാക്കി 10 ശതമാനം തുക സംഘങ്ങൾ നേരിട്ട് വഹിക്കേണ്ടതുമാണ്. അനുയോജ്യമായ പ്രോജക്ടുകൾ പരിശോധിച്ച് അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സഹായം അനുവദിക്കുന്നത്. 40 ശതമാനം സംസ്ഥാന വിഹിതമായാണ് തുക വകയിരുത്തിയിരിക്കുന്നത്.<br>സംസ്കരണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള യന്ത്രസാമഗ്രികൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും എൻ.സി.ഡി.സി. സഹായം അനുവദിക്കുന്നുണ്ട്. കാർഷിക സംസ്കരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ബ്ലോക്ക് കോസ്റ്റിന്റെ 10 ശതമാനം തുക സബ്സിഡിയായി നൽകുന്നതാണ്. കൂടാതെ, സംസ്ഥാന വാർഷിക പദ്ധതിയിലുൾപ്പെടുത്തി മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ ഇനത്തിൽ സബ്സിഡി, ഷെയർ, ലോൺ എന്നീയിനങ്ങളിലായി പ്രവർത്തന മൂലധനം ദുർബല മാർക്കറ്റിംഗ് സംഘങ്ങളുടെ പുനരുദ്ധാരണത്തിനും വകയിരുത്തിയിട്ടുണ്ട്. |
| സി) നഷ്ടത്തിൽ പ്രവർത്തിച്ചതിനാൽ പൂട്ടിക്കിടക്കുന്ന സഹകരണ യൂണിറ്റുകളുടെ കടം എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**